# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1310 — 20.03.2012-ൽ മറുപടിയ്ക്ക്

## ആലപ്പുഴ ജില്ലയിലെ പുതിയ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സ്റ്റേറ്റ് ടൂറിസം അഡൈ്വസറി കമ്മിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഘടന, ഉദ്ദേശം എന്നിവ വ്യക്തമാക്കുമോ; | (എ) ഉണ്ട്. കേരളത്തെ ലോകത്തിലെ തന്നെ മികച്ച വിനോദ സഞ്ചാര മേഖലയായി ഉയർത്തി കൊണ്ടു വരുവാൻ ഉതകുന്ന നിർദ്ദേശങ്ങൾ നൽകുന്നതിനും ടൂറിസം മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി-യാണ് സർക്കാർ സംസ്ഥാന വിനോദ സഞ്ചാര ഉപദേശക സമിതിക്ക് രൂപം നൽകുന്നത്. ഈ സമിതി വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം, വിനോദ സഞ്ചാര വിപണന നയങ്ങൾ, മാനവശേഷി, വിനോദ സഞ്ചാര ഗവേഷണം എന്നീ മേഖലകളിൽ ടൂറിസം വകുപ്പിനു വേണ്ട ഉപദേശം നൽകും. ഈ സമിതിയിൽ, നാമനിർദ്ദേശം ചെയ്യപ്പെടുന്ന, ടൂറിസം വ്യവസായത്തിലെ പ്രഗത്ഭരായ ഓഹരി ഉടമകളും ടൂറിസത്തിലെ വിവിധ ടാക്സ് ഫോഴ്സിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും അംഗങ്ങൾ ആയി-രിക്കും. |

| | | | |
|---|---|---|---|
| (ബി) | ആലപ്പുഴ ജില്ലയിലെ ടൂറിസം വികസനത്തിന് എന്തെങ്കിലും അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് കെ.റ്റി.ഡി.സി. രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | കെ.ടി.ഡി.സി.യുടെ കീഴിൽ ആലപ്പുഴ ബീച്ചിനടുത്ത് പി.ഡബ്ള്യു.ഡി വകുപ്പിന്റെ കൈവശം ഉള്ള സ്ഥലത്ത് ഒരു 3- സ്റ്റാർ ഹോട്ടൽ പണിയാൻ പദ്ധതിയുണ്ട്. ഇതിന് ആവശ്യമായ സ്ഥലം പി.ഡബ്ള്യു.ഡി - യിൽ നിന്നും ടൂറിസം വകുപ്പിലേക്ക് കൈമാറ്റം ചെയ്യാനുള്ള നടപടികൾ നടന്നു വരികയാണ്. 15 മുറികളോടെ ആദ്യഘട്ടത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഹോട്ടലിന്റെ നിർമ്മാണ ചെലവ് ഏകദേശം 6.95 കോടി രൂപയാണ്. ആയതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ആലപ്പുഴ ജില്ലയിൽ പുതിയതായി ബീച്ച് ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ ഏതെങ്കിലും പ്രദേശം തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | (സി) | ആലപ്പുഴ ജില്ലയിലെ ആലപ്പുഴ ബീച്ചും, അന്ധകാരനഴിയിലെ ബീച്ചും ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി-യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ